**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 938** **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ പ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ വന്യമൃഗ പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു റാപ്പിഡ് റെസ്പോൺസ് ടീമും, അഗളി കേന്ദ്രീകരിച്ച് ഒരു താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമും പ്രവർത്തിച്ച് വരുന്നുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിന് സ്ഥിരം ജീവനക്കാരെക്കൂടാതെ പ്രദേശവാസികളായ താൽക്കാലിക വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. വന്യജീവികൾ വനത്തിന് പുറത്ത് വരുന്നത് തടയുന്നതിനായി 50.45 കി.മീ. സൗരോർജ്ജവേലി, 7.44 കി.മീ. ആന പ്രതിരോധ കിടങ്ങ് എന്നിവ സ്ഥാപിക്കുകയും അവയുടെ അറ്റകുറ്റപണികൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 88.50 കി.മീ. സൗരോർജ്ജവേലി നിർമ്മാണത്തിനുള്ള നടപടി പുരോഗമിച്ച് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പുലി,കടുവ എന്നിവയുടെ വർദ്ധിച്ചുവരുന്ന ശല്യം പ്രതിരോധിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | പുലി, കടുവ എന്നിവയുടെ സാന്നിദ്ധ്യം വർദ്ധിച്ച തോതിൽ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ ഇത്തരം പ്രദേശങ്ങളിൽ രണ്ട് തവണ കൂട് സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പൊതുവപ്പാടം ഭാഗത്തുനിന്നും കൂട് സ്ഥാപിച്ച് പുലിയെ പിടികൂടിയിട്ടുണ്ട്. കൂടാതെ മണ്ണാർക്കാട് ഡിവിഷനിലെ പ്രശ്നബാധിത പ്രദേശങ്ങളിൽ ഒരു കി.മീ. ആനപ്രതിരോധ കിടങ്ങ്, 33.50 കി.മീ. സൗരോർജ്ജവേലി, 31.50 കി.മീ. ഹാങ്ങിംഗ് പവ്വർ ഫെൻസ്, ഏർലി വാർണിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനും വിസ്റ്റാ ക്ലിയറൻസ്, പുതിയ ആർ.ആർ.ടി. സ്ഥാപിക്കൽ, ജലാശയങ്ങൾ നിർമ്മിക്കലും പരിപാലനവും, ആർ.ആർ.ടി.യ്ക്കുള്ള |

| | | | |
|---|---|---|---|
| | | | വിവിധ ഉപകരണങ്ങൾ ലഭ്യമാക്കാൽ, ട്രെയിനിംഗ് തുടങ്ങി പ്രവർത്തികൾ മനുഷ്യ-വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ